ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് 3 കടൽ രക്ഷാ പട്രോൾ ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ രണ്ട് എണ്ണം ലഭ്യമായിട്ടുണ്ട്. മൂന്നാമത്തേത് ഉടനെ ലഭിക്കുന്നതാണ്. ഇതുകൂടാതെ രണ്ട് ബോട്ടുകൾ കൂടി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലഭ്യമായ പട്രോൾ ബോട്ടുകൾ വിഴിഞ്ഞം, നീണ്ടകര എന്നീ മത്സ്യബന്ധന കേന്ദ്രങ്ങൾക്കും, ലഭ്യമാകാനുള്ള പട്രോൾ ബോട്ട് വൈപ്പിൻ (മുനമ്പം) മത്സ്യബന്ധന കേന്ദ്രത്തിനുമായിട്ടാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഇന്ത്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് നൽകുന്ന ഐ. ആർ. ക്ലാസ് സർട്ടിഫിക്കറ്റ് ഉള്ള ഫൈബർ ഗ്ലാസ് ബോട്ടിൽ Volvo Penta Engine ആണ് ഉപയോഗിച്ചിട്ടുള്ളത്. ബോട്ടിൽ തന്നെ ജീവൻ രക്ഷാ ഉപകരണങ്ങൾ അടക്കം എല്ലാവിധ ആധുനിക ഉപകരണങ്ങളും സജ്ജമാക്കിയിട്ടുണ്ട്. 10 രക്ഷാപ്രവർത്തകർക്ക് സഞ്ചരിക്കാൻ കഴിയുന്നതും മണിക്കൂറിൽ 15 നോട്ടിക്കൽ മൈൽവരെ വേഗത ഉള്ളതുമായ ഈ ബോട്ടുകളിൽ സെർച്ച് ആന്റ് റെസ്ക്യൂ റഡാർ, ജി. പി. എസ്. ഇൻഫ്രാ റെഡ് ബൈനോക്കുലർ തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽനിന്നും വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള സീ റെസ്ക്യൂ സ്കാഡുകളെയാണ് ബോട്ടുകളിൽ നിയോഗിക്കുന്നത്. ബോട്ടിന്റെ എഞ്ചിൻ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ഇവർക്ക് Volvo Penta Company യിൽ നിന്നും പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

**ഇന്റഗ്രേറ്റഡ് ഫിഷ്ഹാമിലേയ്ക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി**

**208 (4832)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടത്വായിലെ ഇന്റഗ്രേറ്റഡ് ഫിഷ് ഹാമിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഹിഷ് ഹാമിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എടത്വായിലെ ഇന്റഗ്രേറ്റഡ് ഫിഷ് ഹാമിലേയ്ക്കുള്ള റോഡ് നവീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് ചാണ്ടി എം. എൽ. എ. സമർപ്പിച്ച നിവേദനം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹിഷ് ഹാമിന്റെ വടക്കുവശത്ത് കൽകെട്ടിന്റെ പണി അവസാന ഘട്ടത്തിലും, ഹാം കെട്ടിടം, നടപ്പാലം എന്നിവയുടെ പണി പുരോഗതിയിലു മാണ്. കൂടാതെ ഹാമിലെ മത്സ്യ പ്രജനന സൗകര്യങ്ങൾക്കായി ഓവർഹെഡ് വാട്ടർ ടാങ്ക്, റിയറിംഗ് ടാങ്കുകൾ എന്നിവയുടെ പണിയും ആരംഭിച്ചിട്ടുണ്ട്.

**കാവിൽ കമ്പനിയിൽ സർക്കാരിന്റെ ഷെയർ**

**209 (4833)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന സർക്കാർ അലങ്കാര മത്സ്യ വിപണി വികസനത്തി നായി പുതുതായി രൂപീകരിച്ച 'കാവിൽ' (കേരള അക്വാകൾച്ചേഴ്സ് ലിമിറ്റഡ്) എന്നു പേരുള്ള കമ്പനിയിൽ സർക്കാരിനെത്ര ഷെയറുണ്ട് ; ഷെയർ ഇനത്തിൽ സർക്കാർ മുതൽ മുടക്കിയിട്ടിണ്ടോ ; എങ്കിൽ എത്ര തുക കമ്പനിക്ക് നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കമ്പനിയിൽ സർക്കാർ ഷെയറല്ലാതെ മറ്റ് ഓഹരി നിക്ഷേപങ്ങൾ ഉണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ :

(സി) കമ്പനിക്കുവേണ്ടി ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള എത്ര മത്സ്യവിത്തു ഹാച്ചറികൾ, ഹാമുകൾ, അക്വേറിയങ്ങൾ, മറ്റു ഫിഷറീസ് സ്ഥാപനങ്ങൾ എന്നിവ കൈമാറിയിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) കൈമാറ്റം ചെയ്ത ഫിഷറീസ് വകുപ്പ് സ്ഥലങ്ങളും കെട്ടിട ങ്ങളും മറ്റ് സൗകര്യങ്ങളും എന്തടിസ്ഥാനത്തിലാണ് കൈമാറിയിട്ടുള്ളത് ; എന്ത് വ്യവസ്ഥയാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി ചെയർമാനും ഫിഷറീസ് മന്ത്രി വൈസ് ചെയർമാനും 50% ഡയറക്ടർ ബോർഡ് അംഗങ്ങൾ സർക്കാർ നോമിനികളുമായിട്ടുള്ള കാവിൽ എന്ന കമ്പനിയിൽ സർക്കാരിന് ഇപ്പോൾ 43.5% ഷെയറുണ്ട്. 199 വക്ഷം രൂപ ബഡ്ജറ്റിൽ നിന്ന് ഷെയർ ഇനത്തിൽ സർക്കാർ മുതൽമുട ക്കിയിട്ടുണ്ട്. ഇതിന് പുറമെ മത്സ്യഫെഡിനും ഷെയർ നൽകിയിട്ടുണ്ട്. KSIDC ക്കും ഷെയർ നൽകാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly